"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന് കീഴിൽ തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും, അഡ്മിഷൻ നൽകുന്നതിനും, അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.24/2025/SCSTD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:-

1 പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 18.05.2023 തീയതിയിലെ SCDD/97/10/2021-C1(EDN C) നമ്പർ കത്ത്

2 പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 23.09.2024 തീയതിയിലെ SCDD/2461/2023-A1(ESTT A) നമ്പർ കത്ത്

3 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.02.2025 തീയതിയിലെ DGE/3670/2025-A2 നമ്പർ കത്ത്

4 സ.ഉ.(അച്ചടി)നം.54/2025-ധന തീയതി 19.04.2025

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിൽ പുതിയതായി നിർമ്മാണം പൂർത്തീകരിച്ച തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനും സ്കൂൾ പ്രവർത്തനത്തിന് ആവശ്യമായ അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. പുതിയതായി ആരംഭിക്കുന്ന തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനത്തിനായി ഏറ്റവും അത്യാവശ്യം വേണ്ട അനധ്യാപക തസ്തികകൾ, അധ്യാപക തസ്തികകൾ എന്നിവ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർ യഥാക്രമം പരാമർശം 2, 3 മുഖേന ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിനു കീഴിൽ പുതിയതായി നിർമ്മാണം പൂർത്തീകരിച്ച

തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും, തുടക്കത്തിൽ അഞ്ചാം ക്ലാസ്സിലേയ്ക്ക് 35 കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതിനും, സ്കൂളിൽ പുതിയതായി അധ്യാപക തസ്തികയിൽ ഒരു യു.പി.എസ്.എ തസ്തിക 35600-75400 ശമ്പള സ്കെയിലിൽ {ബജറ്റ് ശീർഷകം - 2202-01-101-98-00-01-01} സൃഷ്ടിക്കുന്നതിനും, പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽകാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി അനധ്യാപക തസ്തികകളിൽ ചുവടെ ചേർക്കും പ്രകാരം ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

<table>
<tr><th>തസ്തിക</th><th>എണ്ണം</th><th>വേതനം</th></tr>
<tr><td>ഓഫീസ് അറ്റന്റൻഡ്</td><td>1</td><td rowspan="6">ദിവസ വേതനം:₹710/-<br>പരമാവധി പ്രതിമാസ ദിവസ വേതനം : ₹19170/-</td></tr>
<tr><td>വാച്ച്മാൻ</td><td>1</td></tr>
<tr><td>അസ്സിസ്റ്റന്റ് കുക്ക്</td><td>1</td></tr>
<tr><td>മെയിൽ/ഫീമെയിൽ വാർഡൻ</td><td>1</td></tr>
<tr><td>മെയിൽ/ഫീമെയിൽ ആയ</td><td>1</td></tr>
<tr><td>പാർട്ടൈം സാനിറ്റേഷൻ വർക്കർ</td><td>1</td></tr>
</table>

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പ് (GEDN - R3/114/2023)
ധനകാര്യ വകുപ്പ് ( E-2459852/WW-WW3/87/2023-FIN dtd 16.06.2025 )
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 3141), തീയതി,17/07/2025.
പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 21-07-2025 12:21:17
സെക്ഷൻ ഓഫീസർ

പകർപ്പ് : **1)** ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

**2)** ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്